**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5418** **21-07-2022 - ൽ മറുപടിയ്ക്ക്**

**കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുമായി പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; | (എ) | **സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ സ്പോർട്സ് കേന്ദ്രീകൃത വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന വിഷയം സജീവ പരിഗണനയിലാണ്.** |
| (ബി) | ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (ബി) | **ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ചുവടെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.**<br><br>**<u>ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം</u>**<br><br>**കേരളത്തിലെ ആദ്യത്തെ സ്പോർട്സ് സ്കൂളായ ജി.വി.രാജ സ്പോർട്സ് സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് കായിക വകുപ്പ് ഏറ്റെടുത്തതിന് ശേഷം നിരവധി അടിസ്ഥാന സൗകര്യ വികസനങ്ങളാണ് പ്രസ്തുത സ്കൂളിൽ നടപ്പിലാക്കി വരുന്നത്. ജി.വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി സിന്തറ്റിക് ആസ്ട്രോ ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ, നിലവിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ, ബാസ്കറ്റ് ബോൾ കോർട്ടുകളുടെ (2 എണ്ണം) നിർമ്മാണം, അഡ്മിൻ ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികൾ, സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം, ലാബുകൾ സജ്ജമാക്കുന്ന പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**<u>കണ്ണൂർ സ്പോർട്സ് ഡിവിഷൻ</u>** |

| | | | |
|---|---|---|---|
| | | | കണ്ണൂർ സ്പോർട്സ് ഡിവിഷനോടനുബന്ധിച്ച് കായിക താരങ്ങൾക്കായി സുസജ്ജമായ ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത ഹോസ്റ്റലിന്റെ നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റലിനോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോട്ടു കൂടിയ ഒരു കിച്ചൺ ബ്ലോക്കും സജ്ജമാക്കിയിട്ടുണ്ട്.<br><br>കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ കായിക താരങ്ങൾക്ക് പഠന സൗകര്യം നൽകി വരുന്നത് കണ്ണൂർ ജി.എച്ച്.എസ്.എസ് സ്കൂളിലാണ്. പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി കായിക യുവജനകാര്യാലയത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ പുതിയ കായിക സൗകര്യങ്ങൾ ഒരുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്. |
| (സി) | സംസ്ഥാനത്ത് കൂടുതൽ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്ക് പുറമെ മൂന്നാമത്തെ സ്പോർട്സ് ഡിവിഷനായി തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഏഴ്, എട്ട് ക്ലാസ്സുകളിലായി 30 വീതം വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് പ്രഥമ ഡിവിഷൻ ഈ അധ്യായന വർഷം ആരംഭിച്ചിട്ടുണ്ട്.<br><br>24 ഏക്കറിലായി വ്യാപിച്ച് കിടക്കുന്ന സ്കൂളിലെ സൗകര്യങ്ങൾ സ്പോർട്സ് ഡിവിഷനു വേണ്ടി പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഡ്രെയിനേജ് സംവിധാനത്തോട് കൂടിയ നാച്ചുറൽ ഫുട്ബോൾ ടർഫ്, അനുബന്ധ സൗകര്യങ്ങൾ, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് ഗ്രൗണ്ട് തുടങ്ങിയ വിപുലമായ സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളിൽ ഒരുക്കുന്നത്. കുട്ടികൾക്ക് താമസിക്കുന്നതിനായി പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനായി ഇൻഡോർ സ്റ്റേഡിയത്തിനോട്ടു ചേർന്നുള്ള 12 റസിഡൻഷ്യൽ റൂമുകളിലാണ് സൗകര്യം ഒരുക്കിയിട്ടുള്ളത്. 84 കുട്ടികൾക്കുള്ള സൗകര്യം ഇവിടെ ലഭ്യമാണ്. സ്പോർട്സ് ഡിവിഷന്റെ തയ്യാറെടുപ്പുകൾക്കായി 5 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | **കുന്നംകുളം സ്പോർട്സ് ഡിവിഷനിൽ വിവിധ അത്‌ലറ്റിക് പരിശീലന ആവശ്യങ്ങൾക്കായി ഈ സാമ്പത്തിക വർഷം 15 ലക്ഷം രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ